# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **170/2026** തിരുവനന്തപുരം, തീയതി : **13/08/2026**

# പത്രക്കുറിപ്പ്

## കേരള സർവകലാശാല
## ബിരുദ (FYUGP) പ്രവേശനം 2026
## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു
## കോളേജ് പ്രവേശനം ആഗസ്റ്റ് 17, 18 തീയതികളിൽ.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/fyugp2026) പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് എന്ന ടാബ് ഉപയോഗിച്ച് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള പക്ഷം ഫീസ് അടച്ച് (നിലവിൽ യൂണിവേഴ്സിറ്റി ഫീ അടയ്ക്കാത്തവർ) അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് അതിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതാണ്. ആഗസ്റ്റ് 17, 18 തീയതികളിലാണ് കോളേജ് പ്രവേശനം. കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ടി.സി എന്നിവ ഉൾപ്പെടെ എല്ലാ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്.

ജനറൽ/സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷനിൽ തുടരുന്നവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ ലഭിച്ച കോളേജിൽ തൃപ്തരല്ലെങ്കിൽ നിലവിലെ അഡ്മിഷനിൽ തന്നെ തുടരാവുന്നതാണ്.

അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ (APAAR) ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ (APAAR) ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ (APAAR) ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്.

അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/fyugp2026) സന്ദർശിക്കുക. സംശയനിവാരണത്തിനായി 8281883052 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

# കേരള സർവകലാശാല
## ബിരുദ (FYUGP) പ്രവേശനം - 2026
## സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.
## കോളേജിൽ ഹാജരാകേണ്ട തീയതി ആഗസ്റ്റ് 17 തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപ്.

കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലെ സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള രണ്ടാം ഘട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് "സ്പോർട്സ് ക്വാട്ട" എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ആഗസ്റ്റ് 17 തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപായി എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം പ്രൊഫൈലിൽ വച്ചിട്ടുള്ള താല്പര്യമുള്ള കോളേജുകളിൽ ഹാജരാകേണ്ടതാണ്. ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപായി ഹാജരാകുന്നവർക്ക് കോളേജ് തല റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ആദ്യ പരിഗണന ലഭിക്കുന്നതാണ്. ആദ്യ ഘട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ആദ്യ പരിഗണന ലഭിക്കുന്നതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. ആയതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/ പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷകർത്താവ്/ പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ ഹാജരാക്കണം. വിശദവിവരങ്ങൾക്ക് https://admissions.keralauniversity.ac.in/fyugp2026 അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ: 8281883052.

## സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഒന്നാം വർഷ ബിടെക് കോഴ്സുകളിലെ (ഇൻഫർമേഷൻ ടെക്നോളജി) ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2026 ആഗസ്റ്റ് 14 ന് കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ കോളേജ് വെബ്സൈറ്റിൽ : www.ucek.in/. ഫോൺ : 9037119776, 9388011160, 9447125125.

## പരീക്ഷാഫലം

കേരള സർവകലാശാല 2026 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബിഎസ്സി കമ്പ്യൂട്ടർ സയൻസ് (161) (ഹിയറിംഗ് ഇംപയേർഡ്) (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2021 - 2022 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ആഗസ്റ്റ് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിഎ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ആഗസ്റ്റ് 23 വരെ SLCM പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിബിഎ ലോജിസ്റ്റിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ആഗസ്റ്റ് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിഎസ്‌സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (216), ബിഎസ്‌സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241), ബിഎസ്‌സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328), ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (315), (സപ്ലിമെന്ററി - 2021 - 2023 അഡ്മിഷൻ, മേഴ്സി ചാൻസ് - 2013, 2017 - 2020 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനും 2026 ആഗസ്റ്റ് 24 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിബിഎ (195) (സപ്ലിമെന്ററി - 2021 - 2023 അഡ്മിഷൻ, മേഴ്സി ചാൻസ് - 2013 & 2017 - 2020 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ആഗസ്റ്റ് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ പരീക്ഷ തീയതി പുനഃക്രമീകരിച്ചു

കേരള സർവകശാല 2026 ആഗസ്റ്റ് 05 ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബിവോക് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് (351), ജൂൺ 2026 പൈത്തൺ പ്രോഗ്രാമിംഗ് ലാബ് പ്രാക്ടിക്കൽ പരീക്ഷ 2026 ആഗസ്റ്റ് 17 (തിങ്കൾ) ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ നാലാം സെമസർ ബിടെക്, ജൂൺ 2026 (2020 സ്കീം – റെഗുലർ - 2024 അഡ്മിഷൻ, സപ്ലിമെന്ററി – 2020 – 2023 അഡ്മിഷൻ വരെ) കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ 2026 സെപ്റ്റംബർ 01 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല 2026 സെപ്റ്റംബറിൽ നടത്തുന്ന ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷയുടെ പുനഃക്രമീകരിച്ച തീയതികളിലെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# 2026 വർഷത്തെ പിഎച്ച്.ഡി എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

കേരള സർവകലാശാല 2026 ഒക്ടോബർ 24 ന് നടത്താൻ തീരുമാനിച്ചിരിക്കുന്ന 2026 വർഷത്തെ പിഎച്ച്.ഡി എൻട്രൻസ് പരീക്ഷയ്ക്ക് യോഗ്യരായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. വിദ്യാർത്ഥികൾക്ക് ഓൺലൈനായി 2026 ആഗസ്റ്റ് 14 മുതൽ സെപ്റ്റംബർ 23 വരെ അപേക്ഷിക്കാവുന്നതാണ്. ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് അവരുടെ യോഗ്യത അനുസരിച്ചിട്ടുള്ള വിഷയം ഓൺലൈൻ റിസർച്ച് പോർട്ടലിൽ നിന്നും തിരഞ്ഞെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **www.research.keralauniversity.ac.in** എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**